പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1921 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്കുള്ള സൗജന്യ യാത്രാപാസ്

ചോദ്യം

ശ്രീ. പി.കെ.അബ്ദു റബ്ബ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ നിന്നും പെൻഷൻ പറ്റിയവർക്ക് മറ്റ് സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ നൽകുന്ന രീതിയിൽ പെൻഷൻകാർക്കുള്ള സൗജന്യ യാത്രാപാസ് നൽകുമോ എന്നറിയിക്കാമോ; | (എ) | നിലവിൽ, പെൻഷൻ പറ്റിയവർക്ക് താമസ സ്ഥലത്തിനടുത്തുള്ള യൂണിറ്റിൽ നിന്നും 12 കിലോമീറ്റർ ദൂരം വരെ ഫാസ്റ്റ് പാസഞ്ചർ ബസിൽ യാത്ര ചെയ്യുന്നതിന് പാസ് അനുവദിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഒരു റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും സർക്കാർ ജീവനക്കാരുടേതിന് സമാനമായ പെൻഷൻ ജീവനക്കാർക്ക് നൽകുന്നില്ല. മറ്റ് സംസ്ഥാനങ്ങളിലേതുപോലെ കെ.എസ്. ആർ.ടി.സി.യിലും പെൻഷൻ പറ്റിയ ജീവനക്കാർക്ക് 10.05.1999 വരെ യാത്ര പാസ് ഉണ്ടായിരുന്നില്ല. പെൻഷൻ വാങ്ങുവാൻ വേണ്ടി തൊട്ടടുത്ത യൂണിറ്റിലേക്ക് പോകുവാനും തിരിച്ചുവരുവാനും മാത്രമായി ചെക്ക് പാസ് ആണ് നൽകി വന്നിരുന്നത്. ഈ സംവിധാനമാണ് പിന്നീട് സ്ഥിരം യാത്രാപാസായി മാറിയത്. ഇത്തരത്തിൽ 28145 സർവ്വീസ് പെൻഷൻകാർക്ക് സൗജന്യപാസ് നൽകുന്നയിനത്തിൽ 18,23,79,600/- രൂപ കോർപ്പറേഷന് |

| | | | |
|---|---|---|---|
| | | | ബാധ്യതയുണ്ട്. 1500 കോടിയിലധികം രൂപ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന് ഈ ബാധ്യത താങ്ങാനാവുന്നതിലും കൂടുത ലാണ്. |
| (ബി) | പെൻഷനായി കഴിഞ്ഞാൽ ജീവിതപങ്കാളിക്ക് ഒപ്പം യാത്രാ സൗജന്യം നിഷേധിക്കപ്പെട്ടിട്ടുള്ള ഏക പൊതു ഗതാഗത സർവ്വീസ് കെ.എസ്.ആർ.ടി.സി. ആണെ ന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പെൻഷണർക്ക് ജീവിത പങ്കാളിയുമായി വർഷത്തിൽ ഒരു തവണ യാത്ര ചെയ്യുന്നതി നുള്ള ഫാമിലി പാസ് അനുവദിച്ചിട്ടുണ്ട്. |
| (സി) | വാർദ്ധക്യകാലത്ത് വിവിധങ്ങളായ രോഗങ്ങളാൽ കഷ്ടപ്പെടുന്ന, ലൈൻ ഡ്യൂട്ടിക്കാരായി പെൻഷൻ പറ്റിയ ഓപ്പറേഷൻസ് സ്റ്റാഫിനെങ്കിലും നൽകുന്ന സൗജന്യ യാത്രാ പാസ്സിൽ ജീവിത പങ്കാളിയെ കൂടി ഉൾപ്പെടുത്തി നല്കാൻ നടപടി ആക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | വാർദ്ധക്യരോഗികളായ പെൻഷൻ കാർ യാത്രാപാസ് ഉപയോഗി ക്കുന്നത് കുറവാണെന്നിരിക്കെ അവരുടെ ജീവിതപങ്കാളിയെ കൂടി ഉൾപ്പെടുത്തി പാസ് നവീകരി ക്കാൻ നിർദ്ദേശം നല്കുമോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**